**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5842** **25-03-2025 - ൽ മറുപടിയ്ക്ക്**

**ഇൻഷുറൻസ് വകുപ്പിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | വിലയിരുത്തിയിട്ടുണ്ട്. സർക്കാർ ജീവനക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, അർദ്ധ സർക്കാർ, ബോർഡ്, കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ, സർക്കാർ ഗ്രാന്റ് ലഭിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്ക് സാമൂഹ്യ സുരക്ഷക്കും ഇൻഷ്വറൻസ് പരിരക്ഷക്കുമായി ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, ജീവൻരക്ഷാ പദ്ധതി (അപകട ഇൻഷ്വറൻസ് പദ്ധതി) എന്നിങ്ങനെയുള്ള ബൃഹത്തായ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ വിവിധ സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ, ബോർഡ്, കോർപ്പറേഷൻ എന്നിവിടങ്ങളിൽ വിവിധ ജനറൽ ഇൻഷ്വറൻസ് പരിരക്ഷ വകുപ്പ് വഴി നൽകിവരുന്നു. |
| (ബി) | വകുപ്പിൽ നിന്നും നൽകുന്ന സേവനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനും നിലവിൽ ജീവനക്കാർക്കായി നൽകിവരുന്ന സേവനങ്ങൾ സ്വകാര്യ മേഖലയിലെയും അസംഘടിത മേഖലയിലെയും തൊഴിലാളികൾക്കും കൂടി ഉപകാരപ്രദമാകുന്ന നിലയിൽ വിപുലീകരിക്കുന്നതിനുമുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 1956 ലേയും 1972 ലേയും ഇൻഷ്വറൻസ് ദേശസാൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെട്ടിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങൾക്കായി **ഒരുമ** ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയും, കന്നുകാലി കർഷകർക്ക് വേണ്ടി **ഗോ സമൃദ്ധി** പദ്ധതിയും വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. അത്തരത്തിൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് കൂടി ഉപകാരപ്രദമാകുന്ന രീതിയിൽ ഇൻഷുറൻസ് പദ്ധതികൾ വിപുലീകരിക്കുന്നതിന് വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നൽകുന്നതിനായി വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഡിജിറ്റൽ യുണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടുകൂടി കേരള സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന് വേണ്ടി ഒരു സമഗ്ര ഇൻഷ്വറൻസ് മാനേജ്മെന്റ് സിസ്റ്റം (IMS) തയ്യാറാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 2025-26 |

| | | | |
|---|---|---|---|
| | | | വർഷത്തെ ബജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ